LIBRARY ARCHIVES Kerala Legislative Assembly

പരപ്പനങ്ങാടി ടിപ്പുസുൽത്താൻ റോഡ് പുനർനിർമ്മാണം

48(4058) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ടിപ്പുസുൽത്താൻ റോഡിന്റെ ഒരു ഭാഗം വർഷങ്ങൾക്കുമുമ്പ് പ്രളയത്തിൽ ഒലിച്ചുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭാഗം പുനർനിർമ്മിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് ഇനിയും പൂർത്തീകരിക്കാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ&ബി) ഉണ്ട്. തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി-ടിപ്പുസുൽത്താൻ റോഡ് കി.മീ. 3/900 മുതൽ 4/100 ചാപ്പപ്പടി ഭാഗം, 2018-19 വർഷങ്ങളിലെ പ്രളയത്തിൽ, കടൽക്ഷോഭം കാരണം 200 മീറ്ററോളം നീളത്തിൽ സൈഡ് പ്രൊട്ടക്ഷൻ വാളും ബി.എം.&ബി.സി.-യും തകർന്നിരുന്നു. ഈ ഭാഗത്ത് കടൽഭിത്തി നിർമ്മിച്ച് റോഡ് നിർമ്മിച്ചാൽ മാത്രമേ റോഡ് തകരാതെ നിൽക്കുകയുള്ളൂ. നിലവിൽ ഈ ഭാഗത്ത് പുലിമുട്ടിന്റെ പ്രവൃത്തി ഇറുമുഖ വകുപ്പ് നടത്തിവരുന്നുണ്ട്. റോഡ് താൽക്കാലികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. പുലിമുട്ടിന്റെ പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് റോഡ് പ്രവൃത്തിക്കായുള്ള തുടർനടപടികൾ കൈക്കൊള്ളാൻ കഴിയുന്നതാണ്.

അതിർത്തിശ്ശേരി - ദേവസ്വംതുരുത്ത് റോഡിന്റെയും കലുങ്കിന്റെയും നിർമ്മാണം

49(4059) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തലവടി പഞ്ചായത്തിൽ തലവടി മൂന്നാം വാർഡിൽ അതിർത്തിശ്ശേരി മുതൽ ദേവസ്വംതുരുത്ത് വരെ റോഡും കലുങ്കും നിർമ്മിക്കുന്നതിനുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പ്രാധാന്യം മനസ്സിലാക്കി അടിയന്തരമായി നവീകരണ പ്രവർത്തനങ്ങൾ നടത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; വിശദവിവരം അറിയിക്കുമോ?

(എ&ബി) ടി പ്രവൃത്തി 2021-22-ലെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.